**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** **12-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്.<br><br>2000 ലെ കേരള സ്പോർട്സ് ആക്ട്, 2008 കേരള സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 29/12/2021 ലെ സ.ഉ.(കൈ)നം. 304/2021/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കായിക പ്രവർത്തനങ്ങൾ താഴെ തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിലുകളെ പങ്കാളികളാക്കി വരികയാണ്.<br><br>പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ നിലവിൽ വന്നിട്ടുള്ള ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><table><tr><th>ജില്ല</th><th>എണ്ണം</th></tr><tr><td>തിരുവനന്തപുരം</td><td>62</td></tr><tr><td>കൊല്ലം</td><td>40</td></tr><tr><td>പത്തനംതിട്ട</td><td>53</td></tr><tr><td>ആലപ്പുഴ</td><td>65</td></tr><tr><td>കോട്ടയം</td><td>61</td></tr><tr><td>ഇടുക്കി</td><td>49</td></tr><tr><td>എറണാകുളം</td><td>55</td></tr><tr><td>തൃശ്ശൂർ</td><td>84</td></tr><tr><td>പാലക്കാട്</td><td>87</td></tr></table></td></tr>
</table>

| | |
|---|---|
| മലപ്പുറം | 81 |
| കോഴിക്കോട് | 70 |
| വയനാട് | 23 |
| കണ്ണൂർ | 71 |
| കാസർഗോഡ് | 19 |
| **ആകെ** | **820** |

| | | | |
|---|---|---|---|
| (ബി) | കായികരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | (ബി) | കായിക വികസനം ഊർജിതമാക്കാനും ചെറുപ്രായത്തിൽ തന്നെ മികച്ച കായിക പരിശീലനം നൽകുവാനും മുഴുവൻ ജനങ്ങളെയും ശാരീരിക ക്ഷമത പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാനും പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ താഴെ തട്ടുകൾ കായിക സംസ്കാരം വളർത്താനും ഗ്രാമീണ, നഗര പ്രദേശത്തിലെ കുട്ടികൾക്കിടയിൽ അടിസ്ഥാന കായിക പരിശീലനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്പോർട്സ് കൗൺസിലുകൾ മുഖേന ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്.<br><br>കായിക പ്രവർത്തനങ്ങൾ താഴെ തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രസക്തമായ സംവിധാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിൽ. |

സെക്ഷൻ ഓഫീസർ